



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
22 FEBRUARY 2024 | VOL 03 | ISSUE 052 | 751



# ഒന്നിലധികം ബൈബിൾ സൂക്ഷിച്ചാൽ അറസ്റ്റ്

ടെഹ്റാൻ: ഒന്നിലധികം ബൈബിൾ കൈവശം വയ്ക്കുന്നവരെ ഇറാനിൽ അറസ്റ്റ് ചെയ്യുന്നതായി റിപ്പോർട്ട്. ക്രിസ്ത്യൻ സോളിഡാരിറ്റി വേൾഡ് വൈഡ്, ഓപ്പൺ ഡോർസ്, മിഡിൽ ഈസ്റ്റ് കൺസേൺ എന്നീ സംഘടനകൾ സംയുക്തമായി പുറത്തിറക്കിയ റിപ്പോർട്ടിലാണ് വിവരം.

രാജ്യത്ത് ഇസ്ലാം മതം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നത് നിയമവിരുദ്ധമാണ്. പ്രാർത്ഥനാകൂട്ടായ്മകളിൽ അംഗമാണെന്ന് കണ്ടെത്തുന്നവർക്ക് നേരെ ദേശീയ സുരക്ഷയ്ക്കു വിരുദ്ധമായി പ്രവർത്തിച്ചുവെന്ന കുറ്റം ചുമത്തി ജയിൽ ശിക്ഷ നൽകുന്നത് പതിവാണ്.

നിയമം അനുസരിച്ച് ഇസ്ലാം മതസ്ഥർക്ക് മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യാൻ ഇറാനിൽ അനുമതിയില്ല. അങ്ങനെ ചെയ്താൽ ശരിയത്ത് നിയമപ്രകാരം വധശിക്ഷ പോലും ലഭിക്കാം. എന്നാൽ ഇസ്ലാം മതത്തിലേക്ക് ആളുകൾക്ക് പരിവർത്തനം ചെയ്യാം.

നിലവിൽ എട്ടര കോടി ജനങ്ങളുള്ള ഇറാനിൽ മൂന്നു ലക്ഷം ക്രിസ്ത്യാനികൾ ഉണ്ടെന്നാണ് കണക്ക്. ഒപ്പം ക്രൈസ്തവരെ ലക്ഷ്യംവെച്ചുള്ള പീഡനം വർദ്ദിമ്പോഴും അനേകർ ഇസ്ലാം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നതായുള്ള റിപ്പോർട്ടുകളും പുറത്തുവരുന്നുണ്ട്.

ഇറാനിൽ കഴിഞ്ഞ വർഷം ക്രൈസ്തവർ വലിയ രീതിയിലുള്ള മതപീഡനത്തിന് ഇരയായായിട്ടുണ്ട്. ഇതിൽ മൂന്നിലൊന്ന് അറസ്റ്റുകളും ബൈബിളിന്റെ ഒന്നിലധികം കോപ്പികൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെ ലക്ഷ്യമിട്ടായിരിന്നു. 2023ൽ 166 അറസ്റ്റുകൾ രേഖപ്പെടുത്തി. കഴിഞ്ഞ വർഷം ജൂണിനു മുൻപ് അധികാരികൾ ഏതാനും പേരെ മാത്രമാണ് അറസ്റ്റു ചെയ്ത്. പിന്നീട് മൂന്ന് മാസത്തിനുള്ളിൽ നൂറിലധികം ക്രൈസ്തവരെയാണ് അറസ്റ്റ് ചെയ്തത്. ക്രിസ്തുമസ് സമയത്ത് അറസ്റ്റുകളുടെ എണ്ണം വലിയ രീതിയിൽ വർദ്ധിച്ചിരുന്നു.




## പഞ്ചാബിൽ സുവിശേഷ വിരോധികൾ ആക്രമിച്ച പാസ്റ്റർ ഭഗ്വാൻ സിംഗ് നിത്യതയിൽ



ചണ്ഡിഗഡ് : പഞ്ചാബിൽ ദിവസങ്ങൾക്ക് മുൻപ് സുവിശേഷ വിരോധികളാൽ ആക്രമിക്കപ്പെട്ട് ഗുരുതരാവസ്ഥയിൽ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന പാസ്റ്റർ ഭഗ്വാൻ സിംഗ് നിത്യതയിൽ. ഇന്ത്യ പ്രജാബന്ധു പാർട്ടിയുടെ പഞ്ചാബ് സ്റ്റേറ്റ് പ്രസിഡണ്ടായിരുന്ന പാസ്റ്റർ ഭഗ്വാൻ സിംഗ് സുവിശേഷ വേലയിൽ വളരെ ശക്തമായി പ്രവർത്തിച്ച ഒരു ശുശ്രൂഷകനായിരുന്നു.

## CARTOON:



EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ളിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

### ഫെബ്രുവരി 22

**യിരെ 3:17** ആ കാലത്ത് യെരൂശലേമിന് 'യഹോവയുടെ സിംഹാസനം' എന്ന് പേരാകും; സകലജനതകളും അവിടേക്ക്, യെരൂശലേമിലേക്കു തന്നെ, യഹോവയുടെ നാമംനിമിത്തം വന്നുചേരും; അവരുടെ ദുഷ്ടഹൃദയത്തിന്റെ ശാഠ്യപ്രകാരം ഇനി നടക്കുകയുമില്ല.

എഡിറ്റോറിയൽ

# ആർത്തി മൂത്ത് കടക്കാരായവർ



സജി വർഗ്ഗീസ്
മണിയാർ

ചില വ്യക്തികളുടേയും കമ്പനികളുടെയും ഉയർച്ചയും വളർച്ചയും ശര വേഗത്തിലാണ്. കഠിനാധ്വാനവും അർപ്പണ ബോധവും കൂടിച്ചേരുമ്പോൾ അഭൂതപൂർവ്വമായ വളർച്ചയാണ് പലരും കൈവരിക്കുന്നത്. എന്നാൽ വളർച്ചയുടെ വേഗതപോലെ തന്നെ വൻ വീഴ്ച്ചയും സർവ്വ സാധാരണമാണ്. ജെറ്റ് എയർ വേസ് സ്ഥാപകനായ നരേഷ് ഗോയെൽ, വിജയ് മല്യ, ബൈജൂസ് ലേർണിംഗ് ആപ്പ് സ്ഥാപകനും മലയാളിയുമായ ബൈജു തുടങ്ങിയുള്ളവർ അത്തരത്തിലുള്ള വീഴ്ചകൾക്ക് ചില സമകാലീക ഉദാഹരണങ്ങൾ മാത്രം. എന്താണ് ഇവർക്കൊക്കെ സംഭവിച്ചത്? ചെറിയ തുടക്കങ്ങളിൽ നിന്ന് വരുമാനം ലഭിച്ച് തുടങ്ങുമ്പോൾ ആർത്തി വർദ്ധിക്കുകയും കൂടുതൽ വെട്ടിപ്പിടിക്കാനുള്ള തത്രപ്പാടിലേക്ക് നടന്ന് നീങ്ങുകയുമാണ്. ഒടുവിൽ ഒടുങ്ങാത്ത ആർത്തി അവരെ തകർച്ചയുടെ പടുകുഴിയിലേക്ക് തള്ളിയിടുകയാണ്. ഏതൊരു വസ്തുവിനോടുമുള്ള അമിതമായ ആർത്തി അപകടകാരണമാകും എന്ന പൊതു തത്വം മറക്കുക എന്നത് മനുഷ്യ സഹജമാണ്. ഇത് വ്യക്തികൾക്കും സമൂഹത്തിനും ഒരുപോലെ ദോഷമായി ഭവിക്കും. വിരോധാഭാസമെന്നു പറയട്ടെ, അത്യാഗ്രഹം അപൂർവ്വമായി മാത്രമേ യഥാർത്ഥ സന്തോഷത്തിലേക്ക് നയിക്കുന്നുള്ളൂവെന്ന് ഗവേഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നു. കൂടുതൽ വെട്ടിപ്പിടിക്കാനുള്ള ആക്രാന്തം മനുഷ്യനെ ഒരിക്കലും അവസാനിക്കാത്ത ആഗ്രഹങ്ങളുടെ ചങ്ങലവട്ടത്തിന്റെ ഭാഗമാക്കി മാറ്റും. ഇത് മനുഷ്യനെ കടുത്ത സമ്മർദ്ദത്തിലേക്കും ഉത്കണ്ഠയിലേക്കും മാത്രമല്ല ആത്യന്തികമായി ശൂന്യതയിലേക്കും നയിക്കുന്നു. അത്യാഗ്രഹം വ്യക്തിബന്ധങ്ങളെ വിഷലിപ്തമാക്കുകയും അവിശ്വാസം, അസൂയ, മത്സരം എന്നിവ വളർത്തുകയും ചെയ്യും. വ്യക്തിപരമായ നേട്ടങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ യഥാർത്ഥ ബന്ധങ്ങൾ നിലനിർത്തുന്നത് ബുദ്ധിമുട്ടായിത്തീരും. അത്യാഗ്രഹത്താൽ നയിക്കപ്പെടുന്ന വ്യക്തികൾ തങ്ങൾക്ക് മാത്രമല്ല മറ്റുള്ളവർക്കും കൂടി ദോഷം വരുത്തുന്ന, അധാർമ്മികമോ നിയമവിരുദ്ധമോ ആയ പ്രവൃത്തികളിൽ ഏർപ്പെട്ടേക്കാം.

അത്യാഗ്രഹത്തിലൂടെ ഏതാനും വ്യക്തികൾ വൻതോതിൽ സമ്പത്ത് ശേഖരിക്കുമ്പോൾ, അത് സാമ്പത്തിക അസമത്വത്തിനും സാമൂഹിക അസ്വാസ്ഥ്യത്തിനും കാരണമാകും.

അത്യാഗ്രഹത്താൽ നയിക്കപ്പെടുന്ന സുസ്ഥിരമല്ലാത്ത ഉപഭോഗം പരിസ്ഥിതിക്ക് വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഇത് വിഭവശോഷണം, മലിനീകരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയിലേക്ക് നയിക്കുന്നു. അത്യാഗ്രഹം സമൂഹത്തിലെ പ്രബല ശക്തിയാകുമ്പോൾ, അത് വിശ്വാസത്തെയും സഹകരണത്തെയും ഇല്ലാതാക്കും. തദ്വാരാ സമൂഹം ഒറ്റക്കെട്ടായി നേരിടേണ്ടുന്ന പ്രധാന വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് സാധിക്കാതെ പോകുന്നു.

എങ്ങിനെയാണ് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുക? പ്രശ്നത്തിന് പരിഹാരം സ്വന്തം വീട്ടിൽ നിന്ന് കണ്ടെത്തിത്തുടങ്ങണം. കുട്ടികളിൽ മിതത്വത്തിന്റെയും, സംതൃപ്തിയുടെയും മൂല്യങ്ങൾ വളർത്തിയെടുക്കണം. ബന്ധങ്ങൾ, വ്യക്തിഗത

ശേഷം 5-ാം പേജിൽ

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### മോണ്ടിനെഗ്രോ

| | |
|---|---|
| തലസ്ഥാനം | : പോഡ്ഗോറിക്ക |
| ഭാഷ | : മൊണ്ടിനെഗറിൻ |
| ജനസംഖ്യ | : 6 ലക്ഷം |
| പ്രസിഡണ്ട് | : ജാക്കോവ് മിലറ്റോവിച്ച് |
| മതം | : ക്രിസ്ത്യൻ |

യാത്രകളിൽ ചെറുതും വർദ്ദിക്കുന്നതുമായ ധാരാളം സഭകൾ കാണാം. വിശ്വാസികൾ തമ്മിലുള്ള ഐക്യം വർദ്ധിച്ച് ഊർജസ്വലതയോടെ മുന്നേറാനായി പ്രാർത്ഥിക്കുക.

ഗോത്രങ്ങൾ തമ്മിലുള്ള വിദ്വേഷവും വംശീയ പോരാട്ടങ്ങളും മാറി ദൈവസ്നേഹത്തിൽ ഒന്നാകാനായി പ്രാർത്ഥിക്കുക.

യേശുക്രിസ്തുവിന്റെ സുവിശേഷം ജനം കേൾക്കാനും രൂപാന്തരപ്പെടാനും അനുഗ്രഹിക്കപ്പെടാനുമായി പ്രാർത്ഥിക്കുക.

# പീഡനം വർധിക്കുമ്പോഴും ആയിരങ്ങൾ ക്രിസ്തുവിലേക്ക്

ടെഹ്‌റാൻ: ഇറാനിൽ കഴിഞ്ഞ വർഷം ക്രൈസ്തവർ വലിയ രീതിയിലുള്ള മതപീഡനത്തിന് ഇരയായതായി റിപ്പോർട്ട്. ക്രിസ്ത്യൻ സോളിഡാരിറ്റി വേൾഡ് വൈഡ്, ഓപ്പൺ ഡോർസ്, മിഡിൽ ഈസ്റ്റ് കൺസേൺ എന്നീ സംഘടനകൾ സംയുക്തമായി പുറത്തിറക്കിയ റിപ്പോർട്ടിൽ ബൈബിൾ കൈവശംവെച്ചതിന് വരെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പറയുന്നു. മൂന്നിലൊന്ന് അറസ്റ്റുകളും ബൈബിളിന്റെ ഒന്നിലധികം കോപ്പികൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെ ലക്ഷ്യമിട്ടായിരിന്നുവെന്നാണ് കണക്ക്. 2023 ൽ 166 അറസ്റ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുമസ് സമയത്ത് അറസ്റ്റുകളുടെ എണ്ണം വലിയ രീതിയിൽ വർദ്ധിക്കുകയായിരിന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. ഇറാനിൽ, ഇസ്ലാം മതം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നത് നിയമവിരുദ്ധമാണ്. പ്രാർത്ഥന കൂട്ടായ്മകളിൽ അംഗമാണെന്ന് കണ്ടെത്തുന്നവർക്ക് നേരെ ദേശീയ സുരക്ഷയ്ക്കു വിരുദ്ധമായി പ്രവർത്തിച്ചുവെന്ന കുറ്റം ചുമത്തി ജയിൽ ശിക്ഷ നൽകുന്നത് രാജ്യത്തു പതിവാണ്.

രാജ്യത്തെ നിയമ വ്യവസ്ഥ അനുസരിച്ച് ഇസ്ലാം മതത്തിലേക്ക് ആളുകൾക്ക് പരിവർത്തനം ചെയ്യാമെങ്കിലും ഇസ്ലാം മതസ്ഥർക്ക് മറ്റു മതങ്ങളിലേക്ക് പരിവർത്തനം ചെയ്യാൻ അനുമതിയില്ല. ഇങ്ങനെ ചെയ്താൽ ഇത് ശരിയത്ത് നിയമപ്രകാരം വധശിക്ഷ പോലും ലഭിക്കാൻ സാധ്യതയുള്ള കുറ്റമാണ്. 8.7 കോടി ജനങ്ങളുള്ള ഇറാനിൽ 3,00,000 ക്രിസ്ത്യാനികൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ക്രൈസ്തവരെ ലക്ഷ്യംവെച്ചുള്ള പീഡനം ശക്തമാകുമ്പോഴും ആയിരക്കണക്കിന് ഇസ്ലാം മതസ്ഥർ ഇസ്ലാം ഉപേക്ഷിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നതായുള്ള വിവിധ റിപ്പോർട്ടുകൾ രാജ്യത്തു നിന്നു പുറത്തുവരുന്നുണ്ട്.

# ഐ.പി.സി. പിറവം സെന്റർ ഇവാഞ്ചലിസം ബോർഡ് കൺവൻഷൻ

പിറവം: ഐപിസി പിറവം സെന്ററിനു കീഴിലുള്ള പൂതൃക്ക സഭയുടെയും സെന്റർ ഇവാഞ്ചിലിസം ബോർഡിന്റെയും നേതൃത്വത്തിൽ പൂതൃക്ക പുളിഞ്ചോട് കവലയിൽ ഫെബ്രുവരി 22 മുതൽ 25 വരെ സുവിശേഷ യോഗങ്ങൾ നടക്കും. പാസ്റ്റർമാരായ ബാബു ചെറിയാൻ, ഷാജി എം പോൾ, കെ.പി വർഗീസ്, ഡോ. ജേക്കബ് മാത്യു , ബ്രദർ സാജു കുര്യാക്കോസ് തുടങ്ങിയവർ പ്രസംഗിക്കും. ഷാരോൺ വർഗീസ്, ജോനാഥാൻ ജോൺ, ജീസ്സൺ, തോമസ് ചെറിയാൻ, അക്സ ക്രിസ്റ്റഫർ എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. ഇവാ. അനിൽ തോട്ടത്തിൽ കുടുംബമായി ഇവിടെ പ്രവർത്തിക്കുന്നു

# ആക്രമണത്തിനിരകളായ 50 ക്രിസ്ത്യൻ കർഷകരെ സഹായിച്ച് മിഷൻ സംഘടന

റായ്പ്പൂർ : ഛത്തീസ്ഗഡിലെ ന്യൂനപക്ഷ ക്രിസ്ത്യൻ സമൂഹങ്ങൾ തീവ്ര ഹിന്ദു ദേശീയവാദികളിൽ നിന്ന് കൂടുതൽ കടുത്ത മതപീഡനം നേരിടുന്നുണ്ടെന്ന് കണ്ടെത്തുകയും, അക്രമികൾ ക്രിസ്ത്യാനികളുടെ ഭൂമിയിൽ നടത്തിയ റെയ്ഡുകളിൽ ഉപജീവനമാർഗം നഷ്ടപെട്ട, 50 കർഷക കുടുംബങ്ങൾക്ക് വിത്തും വളവും വാങ്ങി നൽകുകയും ചെയ്തു ക്രിസ്ത്യൻ സന്നദ്ധ സംഘടനയായ ഇന്റർനാഷണൽ ക്രിസ്ത്യൻ കൺസേൺ. 'കൃഷി ചെയ്യാൻ വിത്തും വളവും ഇല്ലായിരുന്നു. ഞങ്ങൾ സത്യസന്ധമായി കർത്താവിനെ അന്വേഷിക്കുകയും അവന്റെ സഹായത്തിനായി കാത്തിരിക്കുകയും ചെയ്യുകയായിരുന്നു. ദൈവം ഐസിസി വഴി ആവശ്യമായ ഉൽപ്പന്നങ്ങൾ നൽകി. ' കർഷകർ പറഞ്ഞു.

ഇന്ത്യയിലുടനീളമുള്ള ക്രിസ്ത്യാനികളുടെ തീവ്രമായ പീഡനത്തെക്കുറിച്ച് ഐസിസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ക്രിസ്ത്യാനികൾക്ക് ഏറ്റവും അപകടകരമായ സംസ്ഥാനങ്ങളിലൊന്നാണ് ഛത്തീസ്ഗഡ്. ഛത്തീസ്ഗഡിൽ ക്രിസ്ത്യാനികൾ നേരിടുന്ന വർദ്ധിച്ചുവരുന്ന പീഡനം, ആശങ്കയായി മാറിയിരിക്കുന്നു, ഇത് ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങളും സുരക്ഷയും സംരക്ഷിക്കേണ്ടതിന്റെ അടിയന്തിര ആവശ്യകത ഉയർത്തിക്കാട്ടുന്നു,

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് കുടപ്പനക്കുന്ന് സഭയുടെ ആഭിമുഖ്യത്തിൽ ഉപവാസ പ്രാർത്ഥന

കുടപ്പനക്കുന്ന്: ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഉപവാസ പ്രാർത്ഥന ഫെബ്രുവരി 24, 25(ശനി, ഞായർ) തീയതികളിൽ രാവിലെ 10.30 മുതൽ 1.30 വരെയും വൈകുന്നേരം 6.30 മുതൽ 9 വരെയും നടക്കും. പാസ്റ്റർ. ഷാജി മണവാരി, പാസ്റ്റർ എം. പി. ജോസഫ് നാലാഞ്ചിറ എന്നിവർ വചന സന്ദേശം നൽകും. പാസ്റ്റർ പ്രവീൺ കുമാർ. ബി യോഗങ്ങൾക്ക് നേതൃത്വം നൽകും

# പവർ വി.ബി.എസ്. 2024

ന്യൂ കാസ്റ്റിൽ ന്യൂകാസ്റ്റിൽ വെസ്റ്റ് : ഗിൽഗാൽ പെന്തെക്കോസ്തൽ ചർച്ച് ന്യൂകാസ്റ്റിൽ വെസ്റ്റ് സഭയുടെ ആഭിമുഖ്യത്തിൽ പവർ VBS 2024 ഏപ്രിൽ 4 മുതൽ 6 വരെ രാവിലെ 10:30 മുതൽ ഉച്ചക്ക് 1:30 വരെ ഡെസ്മണ്ട് കോംപ്ളെക്സ് ന്യൂ കാസ്റ്റിൽ വെസ്റ്റിൽ വച്ച് നടക്കും. സോങ്സ് ഗെയിംസ് , ആക്ഷൻ സോങ്സ് , ആർട് , സ്റ്റോറി ടെല്ലിങ് ഇവ ഒക്കെ പ്രധാന ആകർഷണങ്ങൾ ആയിരിക്കും. റജിസ്ട്രേഷൻ തികച്ചും സൗജന്യം ആയിരിക്കും



# ഗസയിൽ ഉടനെ വെടിനിർത്തൽ പ്രഖ്യാപിക്കണം; പ്രമേയം പാസാക്കാൻ ബ്രിട്ടനിലെ ലേബർ പാർട്ടി

ലണ്ടൻ: ഗസയിൽ ഉടനെ വെടിനിർത്തൽ പ്രഖ്യാപിക്കണമെന്ന ആവശ്യവുമായി ബ്രിട്ടനിലെ ലേബർ പാർട്ടി. ഫലസ്തീനിൽ ഇസ്രായേലി സൈന്യം നടത്തുന്ന ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്ന, ഭേദഗതി ചെയ്യപ്പെട്ട പ്രമേയത്തിന്റെ പതിപ്പിന് പാർട്ടി എം.പിമാർ പിന്തുണ നൽകണമെന്ന് സ്കോട്ടിഷ് നാഷണൽ പാർട്ടി ആവശ്യപ്പെട്ടതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇരു രാജ്യങ്ങളിലെയും ബന്ദികളെ മോചിപ്പിക്കേണ്ടത് നിർണായക ആവശ്യമായി മാറിയിരിക്കുന്നു. പോരാട്ടം അവസാനിപ്പിക്കേണ്ടതുണ്ട്. ഗസയിലേക്ക് വലിയ തോതിൽ മാനുഷിക സഹായം എത്തിക്കേണ്ടതുണ്ട്. കൂടാതെ റഫയിലെ സൈനിക നടപടി മുന്നോട്ട് കൊണ്ടുപോവുന്നതിൽ താത്പര്യമില്ല,' ലേബർ പാർട്ടിയുടെ പ്രസ്താവനയിൽ പറഞ്ഞു.



# ഹോങ്കോങ്ങിന്റെ നിയമനിർമാണം ക്രൈസ്തവരുടെ സ്വാതന്ത്ര്യത്തെ ബാധിക്കുമെന്ന് മുന്നറിയിപ്പ്

ഹോങ്കോങ്: ഹോങ്കോങ്ങിന്റെ നിയമനിർമാണം മത സ്വാതന്ത്ര്യത്തെ കൂടുതൽ ഹനിക്കാൻ സാധ്യതയുണ്ടെന്ന് അമേരിക്കയിൽ അഭയം പ്രാപിച്ച ഹോങ്കോങ്ങ് സ്വദേശിയും വിശ്വാസിയുമായ ഫ്രാൻസിസ് ഹൂയിയുടെ മുന്നറിയിപ്പ്. ആർട്ടിക്കിൾ 23 എന്ന് പേരിട്ടിരിക്കുന്ന നിയമനിർമ്മാണം 2020ൽ പാസാക്കിയ ദേശീയ സുരക്ഷാ നിയമത്തിന്റെ അധികാര പരിധി വർദ്ധിപ്പിക്കുമെന്നും ക്രൈസ്തവർ ഉൾപ്പെടെയുള്ളവർക്ക് വലിയ ഭീഷണിയായി തീരുമെന്നും ഹഡ്സൺ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച പാനൽ ചർച്ചയിൽ ഫ്രാൻസിസ് ഹൂയി പറഞ്ഞു.


ദേശീയ സുരക്ഷാ നിയമം ഉപയോഗിച്ച് അറസ്റ്റ് ചെയ്യപ്പെട്ട ക്രൈസ്തവ വിശ്വാസിയും ജനാധിപത്യവാദിയുമായ ജിമ്മി ലായി ഏറെക്കാലമായി ജയിലിലാണ്. അദ്ദേഹത്തിന് ജീവപര്യന്തം ശിക്ഷ പോലും ലഭിക്കാൻ സാധ്യതയുണ്ടെന്ന് ഫ്രാൻസിസ് ഹൂയി പ്രസ്താവിച്ചു. ആർട്ടിക്കിൾ 23 പാസായാൽ ഏറെക്കാലമായി രാഷ്ട്രീയ എതിരാളികളുടെ മേൽ സർക്കാർ നടത്തുന്ന അടിച്ചമർത്തൽ കൂടുതൽ ശക്തമാകുമെന്നാണ് നിരീക്ഷകർ പറയുന്നത്. വിദേശ സംഘടനകളെയും, അവരുടെ ഹോങ്കോങ്ങിലെ പ്രവർത്തനത്തെയും ലക്ഷ്യംവെക്കുമെന്ന് സൂചനയുള്ളതിനാൽ അത് വിദേശ ക്രൈസ്തവ മിഷ്ണറിമാരെയും, ഹോങ്കോങ്ങിലെ സഭയ്ക്ക് വത്തിക്കാനുമായുള്ള സമ്പർക്കത്തെയും ബാധിക്കാൻ സാധ്യതയുണ്ടെന്ന് ഫ്രാൻസിസ് ഹൂയി പറഞ്ഞു. വത്തിക്കാൻ ഒരു വിദേശരാജ്യം ആയതുകൊണ്ട്, ഹോങ്കോങ്ങിലെ സഭയ്ക്ക് അവരുമായുള്ള സമ്പർക്കം പോലും ഒരുപക്ഷേ നിർത്തേണ്ടി വരും.

# കർണാടകയിൽ ഐ.പി.സി. സ്റ്റേറ്റ് കൺവെൻഷന് തുടക്കമായി

ബെംഗളൂരു: ഇന്ത്യാ പെന്തെക്കൊസ്ത് ദൈവസഭ കർണാടക സ്റ്റേറ്റ് 37മത് വാർഷിക കൺവൻഷൻ( ബാംഗ്ലൂർ സോൺ) ഹൊറമാവ് അഗര ഐപിസി ഹെഡ് ക്വാർട്ടേഴ്സ് ഹാളിൽ ആരംഭിച്ചു. സ്റ്റേറ്റ് പ്രസിഡൻറ് പാസ്റ്റർ കെ.എസ്.ജോസഫ് കൺവൻഷൻ ഉദ്ഘാടനം ചെയ്തു.
ദിവസവും വൈകിട്ട് ആറ് മുതൽ നടക്കുന്ന കൺവൻഷനിൽ പാസ്റ്റർമാരായ കെ എസ് ജോസഫ് , ജോസ് മാത്യു, പാ. ഡോ. വർഗീസ് ഫിലിപ്പ്, സാം ജോർജ് ,വിൽസൺ ജോസഫ്, അലക്സ് വെട്ടിക്കൽ, ബി.മോനച്ചൻ, മോഹൻ പി ഡേവിഡ്, റ്റി.ഡി.തോമസ് എന്നിവരാണ് പ്രസംഗിക്കുന്നത്. ഇവാ. റിനു തങ്കച്ചന്റെ നേതൃത്വത്തിലുള്ള കൺവൻഷൻ ക്വയറാണ് ഗാനശുശ്രൂഷ നിർവഹിക്കുന്നത്.
വെള്ളിയാഴ്ച രാവിലെ നടക്കുന്ന ഉപവാസ പ്രാർഥനയിൽ പാസ്റ്റർ സാജൻ ജോയ് മുഖ്യ സന്ദേശം നൽകും. ഉച്ചയ്ക്ക് 2.30 മുതൽ സോദരി സമാജം സമ്മേളനത്തിൽ പ്രസിഡണ്ട് സിസ്റ്റർ ലില്ലിക്കുട്ടി വർഗീസ് അധ്യക്ഷത വഹിക്കും.
ശനിയാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ പി.വൈ.പി.എ , സൺഡേസ്ക്കൂൾ വാർഷിക സമ്മേളനവും നടക്കും. ഞായർ രാവിലെ 8.30 ന് കർണാടകയുടെ ഇതരഭാഗങ്ങളിൽ നിന്നുള്ള ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുന്ന തിരുവത്താഴ ശുശ്രൂഷയോടും സംയുക്ത ആരാധനയോടെയും കൺവെൻഷൻ സമാപിക്കും.
കൺവെൻഷൻ ജനറൽ കൺവീനറായി സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ ജോസ് മാത്യു , ജോയിന്റ് കൺവീനർമാരായി പാസ്റ്റർ ജോർജ് എബ്രഹാം ( റെനി ), ബ്രദർ റെജി ജോർജ്, ബ്രദർ ഷാജി പാറേൽ എന്നിവർ പ്രവർത്തിക്കുന്നു. പ്രയർ കൺവീനർ പാസ്റ്റർ തോമസ് കോശി, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ജോമോൻ ജോൺ, മീഡിയ കൺവീനർ ബ്രദർ ജോബി ജോസഫ്, ഫിനാൻസ് കൺവീനർ ബ്രദർ പി ഒ സാമുവേൽ എന്നിവരെയും പാസ്റ്റർ എ. വൈ. ബാബു, പാസ്റ്റർ കെ പി ജോർജ്, പാസ്റ്റർ റ്റി.എസ്. മാത്യു, പാസ്റ്റർ ക്രിസ്തുദാസ്, ബ്രദർ ജോസ് വർഗീസ്, ബ്രദർ റ്റി. ജോയ്, ബ്രദർ ബിജു എം പാറയിൽ ,ബ്രദർ ജെയിംസ് എം പാറയിൽ എന്നിവരെ വിവിധ ഉപസമിതികളുടെ കൺവീനർമാരായും പ്രവർത്തിക്കുന്നു.
ജോമോൻ ജോൺ ചമ്പക്കുളം (പബ്ലിസിറ്റി കൺവീനർ)

2-ാം പേജിൽ നിന്നും തുടർച്ച

വളർച്ച, സമൂഹത്തിനുള്ള സംഭാവനകൾ തുടങ്ങിയ ആന്തരിക മൂല്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം.
പൊതു സമൂഹത്തിന് പ്രയോജനപ്രദമായ ധാർമ്മിക ചട്ടക്കൂടുകൾ രൂപപ്പെടുത്തിയെടുക്കാൻ തയ്യാറാകണം. അത്യാഗ്രഹത്താൽ നയിക്കപ്പെടുന്ന പെരുമാറ്റം തടയാനും ശിക്ഷിക്കാനും കഴിയുന്ന തരത്തിലുള്ള നിയമങ്ങൾ ഉണ്ടാകണം. സാമ്പത്തിക അസമത്വം കുറയ്ക്കുന്നതിലൂടെ അത്യാഗ്രഹത്തിന്റെ ചില മൂലകാരണങ്ങൾ പരിഹരിക്കാനും എല്ലാവർക്കും നീതിയുക്തമായ ഒരു സമൂഹം സൃഷ്ടിക്കാനും കഴിയും.
ബൈബിൾ പറയുന്നു,'ഭക്ഷണവും, വസ്ത്രവും ഉണ്ടെങ്കിൽ അതുകൊണ്ട് നമുക്ക് തൃപ്തിപ്പെടാം.' (1 തിമോത്തി 6:8) പൗലോസ് വീണ്ടും പറയുന്നു, 'എനിക്ക് ആവശ്യത്തിലും അതിലധികവും ലഭിച്ചു. എനിക്ക് എല്ലാം തികഞ്ഞിരിക്കുന്നു.' (ഫിലിപ്പിയർ 4:18) ഈ സംതൃപ്തി കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് പൗലോസ് നേടിയെടുത്തതാണ്. നമുക്കും ആ മാതൃക പിന്തുടരാം.




# വേൾഡ് തിങ്കിംഗ് ഡേ എന്നാൽ...

സ്കൗട്ടിംഗ് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ലോർഡ് റോബർട്ട് ബേഡൻ പവലിന്റെ ജന്മദിനത്തെ ആദരിക്കുന്നതിനുവേണ്ടി രൂപം കൊണ്ടതാണ് ലോക ചിന്താദിനം. 1926ലാണ് ലോക ചിന്താ ദിനത്തിന്റെ തുടക്കം. 1932ൽ ഔദ്യോഗികമായി ആചരിച്ച് തുടങ്ങി.
ഇന്ന് സ്കൗട്ട് ആൻഡ് ഗൈഡിംഗ് പ്രസ്ഥാനം ലോകമെമ്പാടുമുണ്ട്. ദശലക്ഷക്കണക്കിന് യുവജനങ്ങൾ സ്കൗട്ടിംഗ് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നു. വേൾഡ് ഓർഗനൈസേഷൻ ഓഫ് സ്കൗട്ട് മൂവ്മെന്റ് ഏറ്റവും അറിയപ്പെടുന്ന അന്താരാഷ്ട്ര സ്കൗട്ടിംഗ് സംഘടനകളിൽ ഒന്നാണ്.
ലോക ചിന്താ ദിനത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും അവരെ ആശങ്കപ്പെടുത്തുന്ന വിഷയങ്ങൾ ചർച്ച ചെയ്യാനും ആഗോള തലത്തിൽ പരിഹാരങ്ങൾ നൽകാനുമായി ഒരുക്കുന്ന ഒരു വലിയ വേദിയും അവസരവുമാണ്. സ്കൗട്ടുകൾക്ക് ഈ ദിവസം വഴി ഉപദേശം നൽകാനും മറ്റ് പെൺകുട്ടികളുമായി അവരുടെ സഹോദരി ബന്ധം പങ്കിടാനും ഊ ദിനം അവസരമൊരുക്കുന്നു. ബോയ് സ്കൗട്ട്സ് ഓഫ് അമേരിക്ക (ബിഎസ്എ), സ്കൗട്ട്സ് കാനഡ, ദി സ്കൗട്ട് അസോസിയേഷൻ (യുകെ), സ്കൗട്ടിംഗ് അയർലൻഡ് തുടങ്ങി നിരവധി രാജ്യങ്ങളിൽ ദേശീയ സ്കൗട്ടിംഗ് സംഘടനകളും നിലവിലുണ്ട്. സ്കൗട്ടിംഗ് പ്രസ്ഥാനത്തിന്റെ നേട്ടങ്ങളെക്കുറിച്ചും അത് ലോകത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചും ചിന്തിക്കാനുള്ള അവസരം കൂടിയാണിത്.



# പാ. ബാബു ജോർജ് പത്തനാപുരം യു.എ.ഇ.യിൽ

എറണാകുളം: സുവിശേഷ പ്രഭാഷകനും വേദാധ്യാപകനുമായ പാ. ബാബു ജോർജ് പത്തനാപുരം യുഎഇയിൽ. മാർച്ച് ഒന്നു മുതൽ 31 വരെ അദ്ദേഹം യുഎഇയിലെ വിവിധ സഭകളിൽ ശുശ്രൂഷിക്കും.

# റീജിയൺ പാസ്റ്റർ പാ. സാം കെ. ജേക്കബ്; സെക്രട്ടറി പാ. ജോമോൻ വർഗ്ഗീസ്



ഛത്തീസ്ഘട്ട്: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഒഡീഷ, ഛത്തീസ്ഘട്ട് റീജിയൺ പാസ്റ്ററായി പാ. സാം കെ. ജേക്കബും റീജിയൺ സെക്രട്ടറിയായി പാസ്റ്റർ ജോമോൻ വർഗ്ഗീസും (ഛത്തീസ്ഘട്ട്) ചുമതലയേറ്റു. പാസ്റ്റർ സാബു ജോർജാണ് (ഒഡീഷ) റീജിയണിന്റെ അസ്സോ. പാസ്റ്റർ. പാസ്റ്റർ ലിജു കുര്യാക്കോസ് അംബികാപൂർ സെന്ററിന്റെ പാസ്റ്ററായി പ്രവർത്തിക്കും. സഭയുടെ ഒഡീഷ, ഛത്തീസ്ഘട്ട് സംസ്ഥാനങ്ങളിലുള്ള സഭാശുശ്രൂഷകന്മാരുടെ ത്രിദിന സമ്മേളനം ദുർഗ്ഗിൽ ഇന്നലെ സമാപിച്ചു. നാലു സെന്ററുകൾ ഉൾപ്പെടുന്നതാണ് റീജിയൺ. പാസ്റ്റർമാരായ ഏബ്രഹാം ജോസഫ്, ജോസ് ജോസഫ്, എം.ഡി ശമുവേൽ, സാം ജി. കോശി തുടങ്ങിയവർ മുഖ്യാതിഥികളായിരുന്നു

# കാൻബറയിൽ നാഷണൽ കോൺഫറൻസ്

ഓസ്ട്രേലിയ : പതിനൊന്നാമത് ഓസ്ട്രേലിയൻ യുണൈറ്റഡ് പെന്തക്കോസ്ത് കോൺഫറൻസ് ഏപ്രിൽ 5, 6, 7 തീയതികളിൽ . കാൻബെറയിൽ നടക്കും. നാഷണൽ പ്രസിഡണ്ട് ഇവാ. റാൽസൺ റ്റി രാജു സെക്രട്ടറി ബ്ര. റോയി ഉമ്മൻ എന്നിവർ നേതൃത്വം കൊടുക്കും. കോൺഫ്രൻസിന്റെ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന എയുപിസി ഗായക സംഘത്തിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ബന്ധപ്പെടുക:
മനു മാത്യു പുതുപ്പള്ളി 0450 414 494, ബെസൽ ബാബു 0469 377 971

# ഐ.പി.സി. സോഷ്യൽ വെൽഫയർ ബോർഡ് ശുശ്രൂഷക സഹായ പദ്ധതി

കുമ്പനാട്: ഐപിസി കേരള സ്റ്റേറ്റ് സോഷ്യൽ വെൽഫയർ ബോർഡ് നടപ്പിലാക്കുന്ന ശുശ്രൂഷകന്മാർക്കുള്ള സഹായ പദ്ധതിയ്ക്ക് തുടക്കമായി. ദീർഘകാലം സഭാശുശ്രൂഷയിലായിരുന്ന എഴുപത് വയസിനു മുകളിലുള്ള ഐപിസി യുടെ അംഗീകൃത പാസ്റ്റർമാരെ പ്രതിമാസം സഹായിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിലേയ്ക്കായി ആദ്യ സംഭാവന, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ശ്രദ്ധേയനായ കുഞ്ഞുമോൻ സാമുവേൽ (ന്യൂയോർക്) നൽകി തുടക്കം കുറിച്ചു. ഐപിസി ശാലേം പെന്തെക്കോസ്തൽ ടാബർനാക്കിൾ ന്യൂയോർക്ക് സഭാംഗമാണ് കുഞ്ഞുമോൻ ശാമുവേൽ. വിവിധ ഇടങ്ങളിൽ സഭകൾ സ്ഥാപിക്കുകയും, ഏറെ കഷ്ടങ്ങൾ അനുഭവിക്കുകയും ചെയ്ത തീർത്തും അർഹരായ 200 ലേറെ ശുശ്രൂഷകരാണ് ഐപിസി കേരള സ്റ്റേറ്റിന് കീഴിലുള്ളത്. മറ്റു വരുമാന മാർഗങ്ങൾ ഇല്ലാതെ കഷ്ടപ്പെടുന്ന ഇവരുടെ ദൈനംദിന ആവശ്യങ്ങൾക്കായി ചെറിയൊരു കൈത്താങ്ങൽ നൽകുന്നതാണ് ഈ പദ്ധതി.

# മന്ത്രിതലസംഘവുമായി വയനാട്ടിലെ ക്രൈസ്തവ സഭാ നേതൃത്വം ചർച്ച നടത്തി; നിവേദനം സമർപ്പിച്ചു

വയനാട് : വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് വയനാട്ടിലെത്തിയ മന്ത്രിതലസംഘത്തെ വയനാട്ടിലെ വിവിധ ക്രൈസ്തവസഭകളുടെ മേലധ്യക്ഷന്മാരും പ്രതിനിധിസംഘവും സന്ദർശിച്ചു. വന്യജീവിശല്യം മൂലം വയനാട്ടുകാർ അനുഭവിക്കുന്ന പ്രതിസന്ധികൾ ചർച്ചചെയ്തു. സംസ്ഥാന സർക്കാരിന്റെ അടിയന്തിരശ്രദ്ധ പതിയേണ്ടതും നടപടികളുണ്ടാകേണ്ടതുമായ വിവിധ വിഷയങ്ങൾ നിവേദനമായി സമർപ്പിച്ചു. വന്യജീവി ആക്രമണം അപ്രതീക്ഷിതവും അനിയന്ത്രിതവുമായിത്തീരുന്ന സാഹചര്യത്തിൽ ഗവൺമെന്റ് ഇടപെടലുകൾ അടിയന്തിര സ്വഭാവമുള്ളതും പ്രതിസന്ധി മറികടക്കാൻ പര്യാപ്തവുമായിരിക്കണമെന്ന് മാനന്തവാടി രൂപതാധ്യക്ഷൻ ബിഷപ്പ് ജോസ് പൊരുന്നേടം മന്ത്രിമാരോട് ആവശ്യപ്പെട്ടു. വന്യജീവി ആക്രമണത്തിൽ പാക്കം സ്വദേശിയായ പോൾ മരണപ്പെട്ടതിനെത്തുടർന്ന് പുൽപ്പള്ളിയിൽ പ്രതിഷേധിച്ചവർക്കെതിരെ കേസുകളെടുക്കുന്ന നടപടിയിൽനിന്ന് പിൻവാങ്ങണമെന്ന് പ്രതിനിധിസംഘം ഒന്നടങ്കം ആവശ്യപ്പെട്ടു. മാനന്തവാടി രൂപതാധ്യക്ഷൻ ബിഷപ്പ് ജോസ് പൊരുന്നേടം, യാക്കോബായ സുറിയാനി സഭയുടെ മലബാർ ഭദ്രാസന മെത്രാപ്പോലീത്ത സ്ത്രേഫാനോസ് മാർ ഗീവർഗീസ്, കോഴിക്കോട് രൂപതയിൽനിന്ന് റവ. ഫാ. ഫ്രാൻസിസ്, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽനിന്ന് റവ. ഫാ. വർഗീസ് മന്ത്രത്ത് എന്നിവരും മാനന്തവാടി രൂപതയുടെ പബ്ലിക് റിലേഷൻസ് ഓഫീസ് അംഗങ്ങളുമാണ് മന്ത്രിമാരുമായി ചർച്ചനടത്തിയത്. പ്രതിനിധിസംഘം ഉന്നയിച്ച ആവശ്യങ്ങളുടെമേൽ ഗവൺമെന്റ്തല ചർച്ച നടത്തിയശേഷം അനുകൂലമായ തീരുമാനം കൈക്കൊള്ളാമെന്ന് മന്ത്രിമാർ ഉറപ്പുനല്കി.

# കാശ്മിരിൽ മിഷണറി സ്കൂൾ അടച്ചുപൂട്ടലിന്റെ വക്കിൽ

ശ്രീനഗർ: ജമ്മു കാഷ്മീരിലെ പുരാതന സെന്റ് ജോസഫ് മിഷണറി സ്കൂൾ അടച്ചുപൂട്ടലിന്റെ വക്കിൽ. സ്കൂൾ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥല ത്തിന്റെ വാടകക്കാലാവധി അവസാനിച്ചതാണ് കാരണം. ബാരാമുള്ളയിലുള്ള സ്കൂൾ 1905ലാണ് സ്ഥാപിച്ചത്. സർക്കാർ സ്ഥലം സ്കൂൾ മാനേജ്മെന്റിന് വാടക യ്ക്കു നൽകുകയായിരുന്നു. 2018ൽ വാടകക്കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് സ്കൂൾ മാനേജ്മെന്റ് സർക്കാരിനെ സമീപിച്ചിരുന്നു. എന്നാൽ, വാടക കാലാവധിക്കു മുമ്പ് പുതുക്കാതിരുന്നതാണ് കാരണം. 2022 ഏപ്രിൽ മുതൽ ഡിവിഷണൽ കമ്മീഷറുടെ അനുമതിക്കായി കാത്തിരിക്കുകയാണ്. 2002ലെ വിദ്യാഭ്യാസ നിയമം 2022ൽ ലഫ്. ഗവർണ റുടെ കീഴിലുള്ള സർക്കാർ ഭേദഗതി ചെയ്തിരു ന്നു. കെട്ടിടം പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വാടക കരാർ ഇല്ലാത്തതിനാൽ ബോർഡ് പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യാൻ വിദ്യാഭ്യാസ വകുപ്പ് വിസമ്മതി ച്ചിരുന്നു.

# പച്ചക്കാട് ബൈബിൾ കൺവെൻഷൻ

പച്ചക്കാട് : രണ്ടാമത് പച്ചക്കാട് ബൈബിൾ കൺവൻഷൻ ഫെബ്രുവരി 26 മുതൽ 28 വരെ വൈകുന്നേരം 6 മുതൽ 9 :30 വരെ പച്ചക്കാട് ചർച്ച് ഗ്രൗണ്ടിൽ നടക്കും. ഉദ്ഘാടനം ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയുടെ ചപ്പാത്ത് ഡിസ്ട്രിക്ട് പാ. റെജിമോൻ റ്റി. നിർവഹിക്കും. പാ. ജോയി പാറയ്ക്കൽ (അങ്കമാലി) പാ. പ്രകാശ് പീറ്റർ (ചെങ്ങന്നൂർ ), പാ. അനീഷ് ഏലപ്പാറ (ഡയറക്ടർ ഹൈറേൻജ് സോണൽ, ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ.) പാ . വർഗീസ് ജോസഫ് എന്നിവർ ശുശ്രൂഷയ്ക്കു നേതൃത്വം നൽകും സെറാഫിൻ വോയിസ് ചപ്പാത്തിന്റെ നേതൃത്ത്വത്തിൽ ഗാനശുശ്രൂഷ നടക്കും.

# ഡൂലോസ് ബൈബിൾ സെമിനാരി ഗ്രാഡുവേഷൻ

വെച്ചൂച്ചിറ : ഡൂലോസ് ബൈബിൾ സെമിനാരിയുടെ 24മത് ഗ്രാഡുവേഷൻ ഇന്ന് രാവിലെ 10 ന് ബൈബിൾ സെമിനാരിയിൽ നടക്കും. പ്രിൻസിപ്പൽ റവ. ബെൻസൺ. വി. യോഹന്നാൻ അദ്ധ്യക്ഷനായിരിക്കും. റവ. ഡോ. വി. പി. ജോസ് ( ഡയറക്ടർ, ഡൂലോസ് ബൈബിൾ സെമിനാരി) മുഖ്യപ്രഭാഷണം നടത്തും. വൈസ് പ്രിൻസിപ്പാൾ റവ. സോനു ജോർജ്, അക്കാഡമിക് രാജകുമാർ രജിസ്ട്രാർ സി ഗിരിജ സാം എന്നിവർ നേതൃത്വം നൽകും. 40 വേദവിദ്യാർത്ഥികൾ ആണ് ഗ്രാജുവേറ്റ് ചെയ്യുന്നത്.

# പെന്തകോസ്തൽ ഐക്യവേദി വാർഷിക സമ്മേളനം

നെയ്യാറ്റിൻകര : പെന്തകോസ്തൽ ഐക്യവേദിയുടെ വാർഷിക സമ്മേളനം മാർച്ച് 2 ശനി രാവിലെ ഒമ്പത് മുതൽ ഒരുമണിവരെ നെയ്യാറ്റിൻകര വ്ലാങ്ങമുറി സി എസ്ഐ പാരീഷ്ഹാളിൽ നടക്കും. പ്രസിഡണ്ട് റവ . ആർ നേശമണി ഉദ്ഘാടനം ചെയ്യും. റവ . ജെ . നെൽസൺ അധ്യക്ഷത വഹിക്കും. പി എം ജി കേരള സ്റ്റേറ്റ് അംഗം പാ . ജി ജെ അലക്സാണ്ടർ മുഖ്യ സന്ദേശം നൽകും. ന്യൂ ഇന്ത്യ ചർച്ച് വെള്ളറട സെക്ഷൻ സെൻട്രൽ പാസ്റ്റർ, പാ.ഷിബു കെ മാത്യു ആശംസ പ്രസംഗം നടത്തും . വിവിധ സാമൂഹിക രാഷ്ട്രീയ മതനേതാക്കൾ പങ്കെടുക്കും.

# റ്റി.പി.എം കോട്ടയം സെന്റർ കൺവൻഷൻ നാളെ മുതൽ

കോട്ടയം: ദി പെന്തെക്കൊസ്ത് മിഷൻ കോട്ടയം സെന്റർ കൺവൻഷൻ നാളെ ഫെബ്രുവരി 22 മുതൽ 25 ഞായർ വരെ നാഗമ്പടം റ്റി.പി.എം കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 5.45 ന് സുവിശേഷ പ്രസംഗം. വെള്ളി, ശനി ദിവസങ്ങളിൽ രാവിലെ 7 ന് ബൈബിൾ ക്ലാസ്, 9.30 ന് പൊതുയോഗം, വൈകിട്ട് 3 ന് കാത്തിരിപ്പ് യോഗം, രാത്രി 10 ന് പ്രത്യേക പ്രാർത്ഥന എന്നിവയും ശനിയാഴ്ച വൈകിട്ട് 3 ന് യുവജന മീറ്റിങ്ങും നടക്കും. സീനിയർ ശുശ്രൂഷകർ വിവിധ യോഗങ്ങളിൽ പ്രസംഗിക്കും. സഭയുടെ സുവിശേഷ പ്രവർത്തകർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഞായറാഴ്ച രാവിലെ കോട്ടയം സെന്ററിലെ കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി ജില്ലകളിലെ 32 പ്രാദേശിക സഭകളുടെ സംയുക്ത സഭായോഗത്തോട് കൺവൻഷൻ സമാപിക്കും.






തയ്യാറാക്കിയത്:
സിസ്റ്റർ
ധന്യ ഡാനിയേൽ

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: 2 ദിനവൃത്താന്തം**

(1) ദാവീദിന്നു യഹോവ പ്രത്യക്ഷനായ പർവ്വതം?
(2) യിസ്രായേൽരാജാവിനോടു എല്ലായ്പോഴും ദോഷം പ്രവചിക്കുന്ന പ്രവാചകൻ?
(3) തർശീശിലേക്കു ഓടിപ്പാൻ കപ്പലുണ്ടാക്കിയത് എവിടെ വെച്ചാണ്?
(4) സഹായിപ്പാനും വീഴിപ്പാനും ദൈവത്തിന്നു ശക്തിയുണ്ടല്ലോ എന്നു ദൈവപുരുഷൻ ആരോട് പറഞ്ഞു?
(5) യഹോവയെ അന്വേഷിച്ച കാലത്തോളം ദൈവം അവന്നു അഭിവൃദ്ധി നല്കി. ആർക്കാണ്?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

(1) കൂശ് (1 ദിന. 1:10)
(2) രെഹോബോത്ത് (1 ദിന. 1:48)
(3) ആഖാൻ (1 ദിന. 2:7)
(4) രൂബേൻ (1 ദിന. 5:1)
(5) ഗിബെയോന്യനായ യിശ്മയ്യാവു (1 ദിന. 12:4)

CHRISTIAN LIVE DAILY
22 FEBRUARY 2024
VOL 03
ISSUE 052 | 751
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

